(ബി) ഈ കാലത്ത് നടന്ന ബലാൽസംഗങ്ങളിൽ 5 വയസ്സിൽ കുറഞ്ഞ പിഞ്ചുകുട്ടികളിലുണ്ടായ ബലാൽസംഗങ്ങളെത്ര ;

(സി) 5 വയസ്സുമുതൽ 15 വയസ്സുവരെയും 16 വയസ്സുമുതൽ 20 വയസ്സുവരെയും 31 വയസ്സുമുതൽ 45 വയസ്സുവരെയും 45 വയസ്സുമുതൽ 65 വയസ്സുവരെയും 65 വയസ്സിന് മുകളിലുള്ളവരെയും സംബന്ധിക്കുന്ന എത്ര ബലാൽസംഗങ്ങൾ ഈ കാലത്തുണ്ടായിട്ടുണ്ട് ;

(ഡി) ഈ കാലത്ത് എത്ര പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾ, പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾ എന്നിവർ ബലാൽസംഗത്തിന് വിധേയരായിട്ടുണ്ട് ?

ഉത്തരം

(എ) ബലാൽസംഗം ചെയ്തതായി പരാതി ലഭിച്ച 2396 സംഭവങ്ങളിൽ കേസെടുത്തിട്ടുണ്ട്..

(ബി-ഡി) വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ക്രിമിനൽ കേസുകൾ പിൻവലിച്ച നടപടി

96 (97) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം കോടതികളിൽ നിലവിലിരുന്ന എത്ര ക്രിമിനൽ കേസുകൾ പിൻവലിച്ചിട്ടുണ്ട് ; അതിൽ കൊലപാതക കേസുകൾ എത്ര ;

(ബി) വിവിധ രീതിയിലുള്ള ശാരീരിക ഉപദ്രവം സംബന്ധിച്ച കേസുകൾ എത്ര, വസ്തുവകകൾക്ക് നഷ്ടം വരുത്തിയ കേസുകൾ എന്നിവ എത്ര, തീവയ്പ് കേസുകൾ എത്ര ;

(സി) ഈ കേസുകളിൽ സി.പി.ഐ. പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര എണ്ണമുണ്ടായിരുന്നു ; ഈ ഗവൺമെന്റ് പിൻവലിച്ച ക്രിമിനൽ കേസുകളിൽ മന്ത്രിമാരിൽ ആരുടെയെങ്കിലും പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ പ്രതികളായിട്ടുണ്ടായിരുന്നുവോ ;

(ഡി) എങ്കിൽ ആരെല്ലാം ; അവർ ചെയ്ത കുറ്റം എന്തായിരുന്നു ;

(ഇ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പിൻവലിക്കണമെന്നാവശ്യപ്പെട്ട ഏതെങ്കിലും കേസുകൾക്ക് പിൻവലിക്കുവാനുള്ള അനുവാദം നൽകാതെയിരുന്നിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏതെല്ലാം കേസുകൾ ; ഇത്തരം ഏതെങ്കിലും കേസുകളിലെ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം കേസുകൾ എന്നു പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) കീഴ്കോടതിയിൽ ശിക്ഷിക്കപ്പെട്ട ശേഷം അപ്പീലിൽ ഇരിക്കുന്ന കേസുകൾ പിൻവലിച്ച സംഭവം ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് പറയുമോ ?

ഉത്തരം

(എ-ജി) 905 ക്രിമിനൽ കേസ്സുകൾ ബന്ധപ്പെട്ട കോടതികളുടെ അനുമതിയോടെ പിൻവലിച്ചിട്ടുണ്ട്. കൊലപാതകക്കേസുകൾ പിൻവലിച്ചിട്ടില്ല. സി.പി.ഐ.(എം) കോൺ.ഐ., മുസ്ലീംലീഗ് തുടങ്ങിയ രാഷ്ട്രീയ പാർട്ടിപ്രവർത്തകരും രാഷ്ട്രീയ ബന്ധം ഇല്ലാത്തവരും ഉൾപ്പെട്ടതാണ് ഈ കേസുകൾ. പിൻവലിച്ച കേസുകളിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ പ്രതികളായ കേസുകളില്ല. കേസുകളുടെ മറ്റു വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ശാന്തപ്പനെ കസ്റ്റഡിയിലെടുത്ത സംഭവം

97 (98) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ശംഖുംമുഖം സരിതാഭവനിൽ ശാന്തപ്പൻ എന്നയാളെ 1997 ഡിസംബർ 11-ാം തീയതി രാത്രി ശംഖുംമുഖം പോലീസ് കസ്റ്റഡിയിലെടുക്കുകയും ആ രാത്രിതന്നെ ഒരു മണിയോടുകൂടി അദ്ദേഹത്തെ മ്യൂസിയം പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ടോ ; എങ്കിൽ അദ്ദേഹത്തെ കസ്റ്റഡിയിലെടുത്തതിന്റെയും മ്യൂസിയം പോലീസിന് കൈമാറിയതിന്റെയും കാരണമെന്തെന്ന് പറയുമോ ;

(ബി) മ്യൂസിയം പോലീസ് സ്റ്റേഷനിൽ വച്ച് ശ്രീ. ശാന്തപ്പനെ ക്രൂരമായി മർദ്ദിച്ചുവോ ; ഇതു സംബന്ധിച്ച് നൽകിയ പരാതി പ്രകാരം നടത്തിയ അന്വേഷണത്തിൽ അദ്ദേഹത്തെ മർദ്ദിച്ചതിനുള്ള ഉത്തരവാദികൾ ആരെല്ലാമാണെന്നാണ് കണ്ടത് ; അദ്ദേഹത്തെ മർദ്ദിച്ചതിനുത്തരവാദികളായവരുടെ മേൽ നടത്തുന്ന അവാചാ അന്വേഷണത്തിന്റെ ഇപ്പോഴത്തെ നിലയെന്ത് ; ഈ അവാചാന്വേഷണം ആരംഭിച്ചതെന്നാണ് ; ഈ അവാചാ അന്വേഷണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്താണ് ;

(സി) ഈ അന്വേഷണം വിനാവിളംബം പൂർത്തിയാക്കി കുറ്റക്കാരുടെ മേൽ നടപടിയെടുക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. ടി. ശാന്തപ്പൻ മ്യൂസിയം പോലീസ് സ്റ്റേഷനിലെ എൽ.പി. 31/97-ാം നമ്പർ കേസിലെ വാറണ്ട് നിലവിലുണ്ടായിരുന്ന പ്രതിയായതിനാലാണ് വലിയതുറ എസ്.ഐ. മ്യൂസിയം പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട ശേഷം ടി. ശാന്തപ്പനെ അറസ്റ്റുചെയ്ത് മ്യൂസിയം പോലീസിന് കൈമാറിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly